# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 5476 01.07.2014- ൽ മറുപടിക്ക്

## കൈത്തറി സംഘങ്ങൾക്കുള്ള പുനരുദ്ധാരണ പാക്കേജിന്റെ ആനുകൂല്യം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് കേന്ദ്രസർക്കാർ നടപ്പിലാക്കിയ പുനരുദ്ധാരണ പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) കല്ല്യാശ്ശേരി വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി നൽകിയ നിവേദനത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതിന് ഡെവലപ്പ്മെന്റ് കമ്മീഷണറോട് ശുപാർശ ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയായ റിവൈവൽ, റീഫോം റീസ്ട്രക്ച്ചറിംഗ് പാക്കേജ് ഫോർ ഹാന്റ്ലൂം സെക്ടറിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം 31.03.2010 വരെ വായ്പ കുടിശ്ശികയായിട്ടുള്ള സംഘങ്ങൾക്കു മാത്രമേ ആനുകൂല്യം ലഭിയ്ക്കുകയുള്ളൂ. എന്നാൽ കല്ല്യാശ്ശേരി വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ വായ്പ 30.04.2010-ൽ മാത്രമേ കുടിശ്ശികയാകുന്നുള്ളൂ. മാർഗ്ഗനിർദ്ദേശങ്ങളിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയാൽ മാത്രമേ ഈ സൊസൈറ്റിയ്ക്ക് ആനുകൂല്യം ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ